# UNIT 3

## <u>വൈദ്യുതകാന്തികപ്രേരണം</u>

## 05/08/2020 – Class 15

## <u>Activity 1</u>

നമ്മുടെ വീട്ടിലെ കറന്റ് പോയാൽ എന്തെല്ലാം ബുദ്ധിമുട്ടുകളാണ് അനുഭവിക്കേണ്ടി വരിക?

- എല്ലാ ബൾബുകളും ഓഫാകുന്നു.
- ഫാൻ പ്രവർത്തിക്കില്ല.
- പമ്പ് ഓണാക്കാൻ സാധിക്കില്ല.
- റഫ്രിജറേറ്റർ, ടി.വി, മിക്സി, ഇലക്ട്രിക് അയൺ തുടങ്ങിയവ ഒന്നും പ്രവർത്തിക്കില്ല.

**<u>നിഗമനം</u>**

നമ്മുടെ നിത്യജീവിതത്തിൽ നാം ഉപയോഗിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഊർജരൂപമാണ് വൈദ്യുതി. ഈ ആധുനിക ലോകത്ത് വൈദ്യുതി ഇല്ലാതെ ജീവിക്കാൻ സാധിക്കില്ല.

വൈദ്യുതോർജത്തെ മറ്റ് പല ഊർജരൂപങ്ങളാക്കി മാറ്റാം എന്ന് കഴിഞ്ഞ യൂണിറ്റുകളിൽ നാം പഠിച്ചതാണ്.



## <u>Activity 2.a</u>

ഒരു വൈദ്യുത ബൾബ് പ്രകാശിപ്പിക്കുന്നു.

**<u>ചർച്ച</u>**

- ഒരു വൈദ്യുത ബൾബ് പ്രകാശിക്കുമ്പോൾ നടക്കുന്ന ഊർജമാറ്റം എന്താണ്?

  **വൈദ്യുതോർജം പ്രകാശോർജമായി മാറുന്നു.**



## <u>Activity 2.b</u>

ഒരു വൈദ്യുത മോട്ടോറിന്റെ ഷാഫ്റ്റുമായി ചെറിയ ഫാൻ ബന്ധിപ്പിച്ച് സ്വിച്ച് ഓണാക്കുന്നു.

**<u>നിരീക്ഷണം</u>**

ഫാൻ കറങ്ങുന്നു.

**<u>ചർച്ച</u>**

- ഒരു വൈദ്യുത മോട്ടോർ പ്രവർത്തിക്കുമ്പോൾ നടക്കുന്ന ഊർജമാറ്റം എന്താണ്?

  **വൈദ്യുതോർജം യാന്ത്രികോർജമാകുന്നു.**



## <u>Activity 2.c</u>

ഒരു ബീക്കറിൽ എടുത്ത ജലത്തിന്റെ താപനില തെർമോമീറ്റർ ഉപയോഗിച്ച് അളക്കുന്നു. ഒരു ഇമേഴ്ഷൺ ഹീറ്റർ ഉപയോഗിച്ച് വെള്ളം ചൂടാക്കിയതിനുശേഷം വീണ്ടും താപനില അളക്കുന്നു.

**<u>നിരീക്ഷണം</u>**

- ജലത്തിന് ആദ്യമുണ്ടായിരുന്ന താപനില = $22^0$ C
- ചൂടാക്കിയതിനുശേഷമുള്ള ജലത്തിന്റെ താപനില = $60^0$ C

**<u>ചർച്ച</u>**

- ജലത്തിന്റെ താപനില കൂടാൻ കാരണമെന്താണ്? **താപോർജം ലഭിച്ചതിനാൽ**
- ജലത്തിന് എവിടെ നിന്നാണ് താപോർജം ലഭിച്ചത്? **ഇമേഴ്ഷൺ ഹീറ്ററിൽ നിന്ന്.**
- ഒരു ഇമേഴ്ഷൺ ഹീറ്റർ പ്രവർത്തിക്കുമ്പോൾ നടക്കുന്ന ഊർജമാറ്റം എന്താണ്?

  **വൈദ്യുതോർജം താപോർജമാകുന്നു.**



## <u>Activity 2.d</u>

ഒരു വൈദ്യുത കാന്തത്തെ സർക്യൂട്ടുമായി ബന്ധിപ്പിച്ചതിനുശേഷം അതിനു സമീപം ഒരു ബ്ലേഡ് കൊണ്ടുവരുന്നു.

**നിരീക്ഷണം**

വൈദ്യുതി കടന്നു പോകുമ്പോൾ വൈദ്യുതകാന്തം ബ്ലേഡിനെ ആകർഷിക്കുന്നു. വൈദ്യുതബന്ധം വിഛേദിക്കുമ്പോൾ ബ്ലേഡ് താഴെ വീഴുന്നു.

**ചർച്ച**

- വൈദ്യുതകാന്തം ബ്ലേഡിനെ ആകർഷിക്കാൻ കാരണം? **വൈദ്യുതി കടന്നു പോകുമ്പോൾ അതിന് കാന്തശക്തി ലഭിക്കുന്നു.**
- സ്വിച്ച് ഓഫാക്കിയപ്പോൾ ബ്ലേഡ് താഴെ വീഴാൻ കാരണം? **വൈദ്യുതി കടന്നു പോകുമ്പോൾ മാത്രമേ അതിന് കാന്തശക്തി ലഭിക്കുന്നൊള്ളൂ.**
- ഒരു വൈദ്യുതകാന്തത്തിൽ നടക്കുന്ന ഊർജമാറ്റം എന്താണ്? **വൈദ്യുതോർജം കാന്തികോർജമാകുന്നു.**

**നിഗമനം**

| **ഉപകരണം** | **ഊർജമാറ്റം** |
| --- | --- |
| വൈദ്യുത ബൾബ് | വൈദ്യുതോർജം പ്രകാശോർജമാകുന്നു |
| വൈദ്യുത മോട്ടോർ | വൈദ്യുതോർജം യാന്ത്രികോർജമാകുന്നു |
| ഇമേഴ്ഷൺ ഹീറ്റർ | വൈദ്യുതോർജം താപോർജമാകുന്നു |
| വൈദ്യുതകന്തം | വൈദ്യുതോർജം കാന്തികോർജമാകുന്നു |

## Activity 3.a

ഏതെല്ലാം ഊർജരൂപങ്ങളെ വൈദ്യുതോർജമാക്കി മാറ്റാൻ കഴിയും?

ഒരു ടോർച്ച് സെല്ല് നിരീക്ഷിക്കുന്നു.



**ചർച്ച**

- ടോർച്ച് സെല്ലിനെ ബൾബുമായി ബന്ധിപ്പിച്ചാൽ നടക്കുന്ന ഊർജമാറ്റങ്ങൾ എന്തെല്ലാമാണ്? **ടോർച്ച് സെല്ലിൽ സംഭരിച്ചിരിക്കുന്ന രാസോർജം വൈദ്യുതോർജമാവുകയും ബൾബ് പ്രകാശിക്കുമ്പോൾ പ്രകാശോർജമാവുകയും ചെയ്യുന്നു.**

## Activity 3.b

ഒരു സോളാർ സെല്ലിനെ ഗാൽവനോമീറ്ററുമായി ബന്ധിപ്പിച്ചിരിക്കുന്നു.



**നിരീക്ഷണം**

സ്വിച്ച് ഓണാക്കുമ്പോൾ ഗാൽവനോമീറ്റർ സൂചി ഒരു വശത്തേക്ക് ചലിക്കുന്നു.

**ചർച്ച**

- ഗാൽവനോമീറ്റർ സൂചി ചലിക്കാൻ കാരണം? **ഗാൽവനോമീറ്ററിലൂടെ വൈദ്യുതി പ്രവഹിച്ചു.**
- ഒരു സോളാർ സെല്ലിനെ സർക്യൂട്ടിൽ ഉപയോഗിക്കുമ്പോൾ നടക്കുന്ന ഊർജമാറ്റമെന്താണ്? **സൗരോർജം (പ്രകാശോർജം) വൈദ്യുതോർജമായി മാറുന്നു.**

## Activity 4.a

കാന്തികോർജത്തെ വൈദ്യുതോർജമാക്കാൻ സാധിക്കുമോ?

**പരീക്ഷണം**

**സാമഗ്രികൾ –** ബാർ കാന്തം, സോളിനോയിഡ്, ഗാൽവനോമീറ്റർ, കണക്ടിങ് വയർ

ഒരു ബാർ കാന്തം നിരീക്ഷിക്കുന്നു.

**ചർച്ച**

- ഒരു കാന്തത്തിന്റെ ധ്രുവങ്ങൾ ഏതെല്ലാമാണ്? **ഉത്തരധ്രുവവും ദക്ഷിണധ്രുവവും**

- കാന്തത്തിന്റെ ധ്രുവങ്ങൾ തിരിച്ചറിയുന്നതെങ്ങനെ? **കാന്തത്തിലെ വെളുത്ത അടയാളം ഉത്തരധ്രുവത്തെ സൂചിപ്പിക്കുന്നു.**
- കാന്തികമണ്ഡലം എന്നാൽ എന്താണ്? **ഒരു കാന്തത്തിന് ചുറ്റും കാന്തികപ്രഭാവം അനുഭവപ്പെടുന്ന മേഖലയാണ് കാന്തികമണ്ഡലം**

## Activity4.b

ഒരു ബാർ കാന്തത്തിന് മുകളിൽ കാർഡ് ബോർഡ് വച്ചതിനുശേഷം അതിൽ ഇരുമ്പുപൊടി വിതറിയിരിക്കുന്നു



<u>നിരീക്ഷണം</u>

ഇരുമ്പ് പൊടി ഒരു പ്രത്യേക ക്രമത്തിൽ വിന്യസിക്കപ്പെട്ടിരിക്കുന്നു.

<u>ചർച്ച</u>

- ഇരുമ്പ് പൊടി പ്രത്യേക ക്രമത്തിൽ വിന്യസിക്കപ്പെടാൻ കാരണമെന്താണ്? **കാന്തിക ബലരേഖകളുടെ സ്വാധീനം മൂലം.**
- കാന്തിക ബലരേഖകൾ ആരംഭിക്കുന്നത് എവിടെ നിന്നാണ്? **ഉത്തര ധ്രുവത്തിൽ നിന്ന്.**
- അവസാനിക്കുന്നതോ? **ദക്ഷിണ ധ്രുവത്തിൽ**
- കാന്തിക ഫ്ലക്സ് എന്നാൽ എന്താണ്? **ഒരു പ്രതലത്തിൽക്കൂടി കടന്നു പോകുന്ന കാന്തിക ബലരേഖകളുടെ എണ്ണം.**

<u>**നിഗമനം**</u>

- **ഒരു കാന്തത്തിന് ചുറ്റും കാന്തികപ്രഭാവം അനുഭവപ്പെടുന്ന മേഖലയാണ് കാന്തികമണ്ഡലം.**
- **ഒരു പ്രതലത്തിൽക്കൂടി കടന്നു പോകുന്ന കാന്തിക ബലരേഖകളുടെ എണ്ണമാണ് കാന്തിക ഫ്ലക്സ്.**

## Activity 4.c

ഒരു ഗാൽവനോമീറ്റർ നിരീക്ഷിക്കുന്നു.




<u>ചർച്ച</u>

- ഗാൽവനോമീറ്ററിന്റെ ഉപയോഗമെന്താണ്? **വളരെ കുറഞ്ഞ അളവിലുള്ള വൈദ്യുതിയുടെ സാന്നിദ്ധ്യവും വൈദ്യുതപ്രവാഹത്തിന്റെ ദിശയും അറിയുന്നതിന്.**
- വൈദ്യുതപ്രവാഹമില്ലെങ്കിൽ ഗാൽവനോമീറ്റർ സൂചിയുടെ സ്ഥാനം എവിടെയാണ്? **നടുക്ക്. (പൂജ്യത്തിൽ)**
- ഗാൽവനോമീറ്റർ ഉപയോഗിച്ച് വൈദ്യുതപ്രവാഹം ഉണ്ടോ എന്നറിയുന്നതെങ്ങനെ? **സർക്യൂട്ടിൽ ബന്ധിപ്പിക്കുമ്പോൾ ഗാൽവനോമീറ്റർ സൂചിയുടെ ചലനം വൈദ്യുതപ്രവാഹത്തെ സൂചിപ്പിക്കുന്നു.**
- ഗാൽവനോമീറ്റർ ഉപയോഗിച്ച് വൈദ്യുതപ്രവാഹദിശ മനസ്സിലാക്കുന്നതെങ്ങനെ? **വൈദ്യുത പ്രവാഹ ദിശയ്ക്കനുസരിച്ച് ഗാൽവനോമീറ്റർ സൂചി ഇടത്തേക്കോ വലത്തേക്കോ ചലിക്കുന്നു.**

## Activity 5

സോളിനോയിഡിനെ ഗാൽവനോമീറ്ററുമായി ബന്ധിപ്പിച്ച് പ്രവർത്തനങ്ങൾ ചെയ്യുന്നു.

| പ്രവർത്തനം | നിരീക്ഷണം | നിഗമനം |
|---|---|---|
| കാന്തത്തിന്റെ ഉത്തര ധ്രുവം സോളിനോയിഡിന് സമീപം നിശ്ചലമാക്കി വച്ചിരിക്കുന്നു.  | ഗാൽവനോമീറ്റർ സൂചി ചലിക്കുന്നില്ല. | സോളിനോയിഡിൽ വൈദ്യുതപ്രവാഹം ഉണ്ടാകുന്നില്ല. |
| കാന്തത്തിന്റെ ഉത്തര ധ്രുവം സോളിനോയിഡിനുള്ളിലേക്ക് ചലിപ്പിക്കുന്നു.  | ഗാൽവനോമീറ്റർ സൂചി ഇടത്തോട്ട് ചലിക്കുന്നു. | സോളിനോയിഡിൽ വൈദ്യുതപ്രവാഹം ഉണ്ടായി. |
| കാന്തം സോളിനോയിഡിനുള്ളിൽ നിശ്ചലമാക്കി വച്ചിരിക്കുന്നു.  | ഗാൽവനോമീറ്റർ സൂചി ചലിക്കുന്നില്ല. | സോളിനോയിഡിൽ വൈദ്യുതപ്രവാഹം ഉണ്ടാകുന്നില്ല. |
| കാന്തത്തിന്റെ ഉത്തരധ്രുവം സോളിനോയിഡിൽ നിന്ന് പുറത്തേക്ക് എടുക്കുന്നു.  | ഗാൽവനോമീറ്റർ സൂചി വലത്തോട്ട് ചലിക്കുന്നു. | സോളിനോയിഡിൽ എതിർ ദിശയിൽ വൈദ്യുതപ്രവാഹം ഉണ്ടായി. |

| | | |
|---|---|---|
| കാന്തത്തിന്റെ ദക്ഷിണധ്രുവം സോളിനോയിഡിനുള്ളിലേക്ക് ചലിപ്പിക്കുന്നു.  | ഗാൽവനോമീറ്റർ സൂചി വലത്തോട്ട് ചലിക്കുന്നു. | സോളിനോയിഡിൽ വൈദ്യുതപ്രവാഹം ഉണ്ടാകുന്നു. ഉത്തര ധ്രുവം സോളിനോയിഡിനുള്ളിലേക്ക് ചലിപ്പിക്കുമ്പോൾ ഉണ്ടായ വൈദ്യുതിക്ക് എതിർ ദിശയിലാണ് ഇപ്പോൾ വൈദ്യുതപ്രവാഹം. |
| കാന്തം സോളിനോയിഡിനുള്ളിൽ വച്ച് രണ്ടും ഒരുമിച്ച് ഒരേ വേഗതയിൽ ഒരേ ദിശയിൽ ചലിപ്പിക്കുന്നു.  | ഗാൽവനോമീറ്റർ സൂചി ചലിക്കുന്നില്ല. | സോളിനോയിഡിൽ വൈദ്യുതപ്രവാഹം ഉണ്ടാകുന്നില്ല. |
| കാന്തം നിശ്ചലമാക്കി വച്ച് സോളിനോയിഡ് ചലിപ്പിക്കുന്നു.  | ഗാൽവനോമീറ്റർ സൂചി ചലിക്കുന്നു. | സോളിനോയിഡിൽ വൈദ്യുതപ്രവാഹം ഉണ്ടകുന്നു. |

**ചർച്ച**

- പരീക്ഷണത്തിൽ ഗാൽവനോമീറ്റർ സൂചി വിഭ്രംശിച്ചതെന്തുകൊണ്ട്? **സോളിനോയിഡിൽ വൈദ്യുതപ്രവാഹം ഉണ്ടായതിനാൽ.**
- ഏതെല്ലാം സന്ദർഭങ്ങളിലാണ് സോളിനോയിഡിലൂടെ വൈദ്യുതപ്രവാഹം ഉണ്ടായത്? **കാന്തവും സോളിനോയിഡും തമ്മിൽ ആപേക്ഷിക ചലനം ഉണ്ടായപ്പോൾ**
- കാന്തവും സോളിനോയിഡും തമ്മിലുള്ള ആപേക്ഷിക ചലനം മൂലം സോളിനോയിഡുമായി ബന്ധപ്പെട്ട കാന്തിക ഫ്ലക്സിന് എന്ത് സംഭവിക്കുന്നു? **കാന്തിക ഫ്ലക്സിന് മാറ്റം സംഭവിക്കുന്നു.**

**നിഗമനം**

ഒരു ചാലകവുമായി ബന്ധപ്പെട്ട കാന്തിക ഫ്ലക്സിൽ മാറ്റമുണ്ടാകുന്നതിന്റെ ഫലമായി ചാലകത്തിൽ ഒരു emf പ്രേരണം ചെയ്യപ്പെടുന്ന പ്രതിഭാസമാണ് വൈദ്യുതകാന്തികപ്രേരണം (electromagnetic induction)

**Assignment**

പട്ടിക പൂർത്തിയാക്കുക?

| ക്രമ നം. | പരീക്ഷണപ്രവർത്തനം | നിരീക്ഷണം (ഗാൽവനോമീറ്റർസൂചി) | |
|---|---|---|---|
| | | ചലിക്കുന്നു/ ചലിക്കുന്നില്ല | ദിശ ഇടത്തോട്ട്/ വലത്തോട്ട് |
| 1. | കാന്തം സോളിനോയ്ഡിനരികിൽ നിശ്ചലമായിരിക്കുമ്പോൾ | | |
| 2. | കാന്തത്തിന്റെ ഉത്തരധ്രുവം സോളിനോയ്ഡിനുള്ളിലേക്കു നീക്കുമ്പോൾ | | |
| 3. | കാന്തം സോളിനോയ്ഡിനുള്ളിൽ നിശ്ചലമായിരിക്കുമ്പോൾ | | |
| 4. | കാന്തം സോളിനോയ്ഡിനുള്ളിൽനിന്ന് പുറത്തേക്കു നീക്കുമ്പോൾ | | |
| 5. | കാന്തത്തിന്റെ ദക്ഷിണധ്രുവം സോളിനോയ്ഡിനുള്ളിലേക്കു നീക്കുമ്പോൾ | | |
| 6. | കാന്തം സോളിനോയ്ഡിനുള്ളിൽ വച്ച് രണ്ടും ഒരുമിച്ച് ഒരേ വേഗത്തിൽ ഒരേ ദിശയിൽ ചലിപ്പിക്കുമ്പോൾ | | |
| 7. | കാന്തം സ്ഥിരമാക്കിവച്ച് സോളിനോയ്ഡ് ചലിപ്പിക്കുമ്പോൾ | | |